വിചിന്തനം
സെപ്റ്റംബർ 2021

# നിങ്ങളുടെ വിശുദ്ധീകരണമാണ് ദൈവം അഭിലഷിക്കുന്നത്

**1 തെസ 4,3**

"അസന്മാർഗികതയിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുമാറണം........ അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്" (1 തെസ 4,3–7). തെസ്സലോനിക്കാ സഭയുടെ ആരംഭകാലമായിരുന്നു അത്. പുതുതായി ജ്ഞാനസ്നാനം സ്വീകരിച്ച അവിടത്തെ വിശ്വാസികൾക്ക് പൗലോസ് ശ്ലീഹായുടെ ഈ ആഹ്വാനം ഉൾക്കൊള്ളാൻ ബുദ്ധിമുട്ടുണ്ടായിരിക്കണം. കാരണം, വിശ്വാസത്തിലേക്ക് വന്നുവെങ്കിലും അന്ധവിശ്വാസങ്ങളും അസന്മാർഗികതയും നിറഞ്ഞ ഒരു സാംസ്കാരിക പശ്ചാത്തലമായിരുന്നു അവർക്കുണ്ടായിരുന്നത്. അക്കാലത്തു നിലനിന്നിരുന്ന കുത്തഴിഞ്ഞ ധാർമിക സംവിധാനത്തെ പുറന്തള്ളിയാണ് ക്രിസ്തുവിന്റെ സുവിശേഷം ധാർമികതയിൽ അടിയുറച്ച പുതിയൊരു യുഗത്തിനു പിറവി നൽകിയത്. അതിനാൽത്തന്നെ ഓരോകാലത്തും ക്രൈസ്തവ സ്വാധീനം കുറയുന്നിടത്തെല്ലാം ധാർമിക അധഃപതനം സംഭവിക്കുന്ന കാഴ്ചയും കണ്ടുവരുന്നു. പൊതുവേ, ലൗകിക സുഖാന്വേഷണത്തിന്റെയും സ്വാർഥതയുടെയും സംസ്കാരത്തിൽ വളർത്തപ്പെടുന്ന ഇന്നത്തെ യുവതലമുറയ്ക്ക് സുവിശേഷത്തിലെ പ്രബോധനങ്ങളോടു താത്പര്യക്കുറവുണ്ടാകുന്നത് സ്വാഭാവികമാണ്. അതേ സമയം, ഇതേ സാംസ്കാരികപശ്ചാത്തലത്തിലേക്കാണ് മനുഷ്യരെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്ന സത്യത്തിന്റെ സാക്ഷ്യവുമായി കടന്നുചെല്ലാൻ ജീസസ് യൂത്തിനെ കർത്താവ് വിളിക്കുന്നതും.

ലോകത്തിൽ  മനുഷ്യന്റെ ജീവിതയാത്രയ്ക്കു രണ്ടുവഴികളുണ്ടെന്നാണ് യേശു പറയുന്നത്. ജീവനിലേക്കു നയിക്കുന്ന ഇടുങ്ങിയ വഴിയും നാശത്തിലേക്കു നയിക്കുന്ന വിശാലമായ വഴിയും (മത്താ 6,13–14). ഒരു കാലത്തു നമ്മളും ശരീരത്തിന്റെയും മനസിന്റെയും അഭിലാഷങ്ങളെ പിൻചെന്നു ജഡമോഹങ്ങൾക്കനുസരിച്ച് ജീവിച്ചുവെങ്കിലും ദൈവം അവിടത്തെ മഹത്തായ സ്നേഹത്താൽ ക്രിസ്തുവിൽ നമ്മെ വീണ്ടെടുത്തു. ദൈവമക്കളെന്ന പുത്തൻപദവിക്കനുസൃതമായ ജീവിതം നയിക്കാൻ പവിത്രീകരിക്കുന്ന കൃപ നമ്മിൽ ധാരാളമായി വർഷിക്കുകയും ചെയ്തു. ഈ ശാക്തീകരണമാണ് വിശുദ്ധിയിലേക്കുള്ള ദൈവത്തിന്റെ വിളിക്കു പ്രത്യുത്തരം നൽകാൻ നമ്മെ സഹായിക്കുന്നത്. 'എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കു'മെന്നു വിനയത്തോടും ദൃഢവിശ്വാസത്തോടും കൂടെ പറയാൻ അങ്ങനെ നമുക്ക് സാധിക്കുന്നു.

അധാർമികതയിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള ദൈവത്തിന്റെ കല്പനയോടു പ്രത്യുത്തരിക്കണമെങ്കിൽ ശരീരത്തിന്റെ ഇച്ഛകളെ  വിശുദ്ധിയിലും മാന്യതയിലും കാത്തുസൂക്ഷിക്കാൻ നാം പഠിച്ചേമതിയാകൂ ( 1 തെസ 4,4). മനുഷ്യരിൽ ദൈവത്തിനുമഹത്വം നൽകുന്നതും അല്ലാത്തതുമായ അഭിലാഷങ്ങളും വികാരങ്ങളും ഉണ്ടാകാറുണ്ട്. ഇതിൽ ദൈവമഹത്വത്തിനു ഇടയാക്കുന്നവയെ വളർത്താനും മറ്റുള്ളവയെ തടയാനും നാം നിരന്തരമായി അഭ്യസിച്ചുകൊണ്ടിരിക്കണം. ആത്മസംയമനം ജന്മനാ ലഭിക്കുന്ന ഒരു പുണ്യമല്ല. അത് നമ്മൾ സ്വായത്തമാക്കേണ്ടതാണ്. എന്നാൽ മാത്രമേ തന്റെ യജമാനത്തിയുടെ പ്രലോഭനങ്ങളിൽനിന്നും ഓടിയകന്ന ജോസഫിനെപ്പോലെയാകാൻ നമുക്ക് സാധിക്കൂ. നമ്മളറിയാതെ തന്നെ ഹൃദയത്തിന്റെ ശ്രദ്ധ ആകർഷിക്കുന്ന ഇന്ദ്രിയസുഖങ്ങളുടെ വശ്യതയാൽ നാം നിരന്തരം പ്രലോഭിപ്പിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. കാഴ്ചകളും ചിന്തകളും ഇന്റർനെറ്റ് ഉപയോഗവുമെല്ലാം അത്യന്തം ശ്രദ്ധയോടെയല്ലെങ്കിൽ നമ്മളും അപകടകരമായ ചുഴിയിൽപെട്ട് ആഴത്തിലേക്കു പോകുമെന്നുറപ്പാണ്.

തന്റെ ഇച്ഛകളെ നിയന്ത്രിക്കാൻ പഠിക്കാത്തതിൽ ഏസാവ് അതീവദുഃഖത്തോടെ കരഞ്ഞു (ഉത്പ 27,34). നൈമിഷികസുഖങ്ങൾക്കായി അവൻ നഷ്ടപ്പെടുത്തിയത് ദൈവത്തിന്റെ അനുഗ്രഹങ്ങളായിരുന്നു. നമ്മൾ ഇത്തരത്തിൽ പരാജയപ്പെടരുതെന്നു ദൈവം ആഗ്രഹിക്കുന്നു. ഹൃദയത്തെ പരിശുദ്ധിയിൽ കാത്തുസൂക്ഷിക്കാൻ കണ്ണുകളും ചിന്തകളും ഭാവനയും ഓർമയുമെല്ലാം പരിശീലിപ്പിക്കപ്പെടുവാൻ അവിടുന്നു നമ്മെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നുണ്ട്. തങ്ങളുടെ ലൈംഗികതയെ വിശ്വാസത്താലും വിവേകത്താലും നയിക്കുന്നവർ എത്ര ഭാഗ്യമുള്ളവരാണ്! അവർ ഏകസ്ഥരോ വിവാഹിതരോ ആകട്ടെ, അവരിലെ ശാരീരികാഭിലാഷമാകുന്ന ജലം, ദൈവകൃപയും സ്വന്തം പരിശ്രമവും വഴിയായി, പരിശുദ്ധവും സ്വയം സമർപ്പിതവുമായ സ്നേഹത്തിന്റെ  മേൽത്തരം വീഞ്ഞായി രൂപാന്തരപ്പെടുന്നു.

ദൈവം അനന്തമായ സത്യവും നന്മയും സൗന്ദര്യവുമാണ്. ദൈവത്തിലേക്ക് ആകർഷിക്കപ്പെടുന്നവർ ഈ ഗുണങ്ങളിലേക്കും ആകർഷിക്കപ്പെടുന്നു. അതിനാലാണ് സത്യത്തിന്റെ പൂർണതയ്ക്ക് എതിരായി നിൽക്കുന്ന എല്ലാവിധ അസന്മാർഗികതകളെയും പൗലോസ് ശ്ലീഹാ തള്ളിപ്പറയുന്നത്. നാശത്തിലേക്കു നയിക്കുന്ന അസന്മാർഗികതയുടെ വിശാലമായ വഴിയിൽനിന്നും ജീവനിലേക്കു നയിക്കുന്ന പുതിയവഴിയിലേക്ക് ഹൃദയം തിരിക്കുവാൻ ശ്ലീഹാ തന്റെ ലേഖനങ്ങളിലൂടെ നിരന്തരം ആഹ്വാനം ചെയ്യുന്നു. ഈ ദൈവികമൂല്യങ്ങളെ ജീവിതത്തിൽ മുറുകെപ്പിടിക്കുന്ന പൗലോസിനെപ്പോലെയാണോ നൈമിഷികസുഖങ്ങൾക്കും ജീവിത നേട്ടങ്ങൾക്കും വേണ്ടി വിട്ടുവീഴ്ചകൾ നടത്തുന്ന ഏസാവിനെപ്പോലെയാണോ നമ്മൾ എന്നതാണ് ഇവിടെ പ്രസക്തമായ ചോദ്യം.

ധാർമിക വിട്ടുവീഴ്ചകൾക്കു വഴങ്ങാത്തവണ്ണം സത്യത്താൽ നമ്മുടെ മനസാക്ഷിയെ നാം പരിപോഷിപ്പിക്കുന്നുണ്ടോ? ദൈവികപുണ്യങ്ങളിൽ നിരന്തരമായി വളരാൻ നാം ശ്രമിക്കാറുണ്ടോ? അക്കാര്യം നമ്മുടെ സ്വഭാവത്തിൽനിന്നുതന്നെ ചുറ്റുമുള്ളവർക്കും കുടുംബാംഗങ്ങൾക്കും അനുഭവവേദ്യമാകാറുണ്ടോ? അറിഞ്ഞോ അറിയാതെയോ ലോകം സത്യത്തിനും നന്മയ്ക്കും സൗന്ദര്യത്തിനും വേണ്ടി തിരയുകയാണ്. ഈ ഗുണങ്ങൾ നമ്മുടെ വ്യക്തിജീവിതങ്ങളിൽ പ്രത്യക്ഷമായെങ്കിൽ മാത്രമേ, ജീസസ് യൂത്തിലൂടെയും സഭയിലൂടെത്തന്നെയും നമുക്ക് ലോകത്തെ ദൈവത്തിന്റെ സത്യത്തിലേക്കും നന്മയിലേക്കും സൗന്ദര്യത്തിലേക്കുമെല്ലാം ആകർഷിക്കാൻ സാധിക്കൂ. അതേ, ദൈവത്തെ   പോലെ വിശുദ്ധിയുള്ളവരാകുകയെന്നതാണ് നമ്മെ സംബന്ധിക്കുന്ന ദൈവഹിതം. ദൈവത്തിനൊത്ത വിശുദ്ധിയാണ്, അതിൽ കുറഞ്ഞതോ അതല്ലാത്തതോ ആയ ഒന്നുമല്ല – നമുക്ക് വേണ്ടത്. വിശുദ്ധിയിലേക്കുള്ള ഈ വിളിയെ ഹൃദയപൂർവം ഏറ്റെടുക്കാൻ നമുക്ക് സാധിക്കുമോ?